ഉത്തരം

- (എ-സി) മാവേലിക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി ധനകാര്യാനുമതിക്കായി വകുപ്പിൽ ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* ടി പ്രവൃത്തി നിർദ്ദേശങ്ങൾ ധനവകുപ്പിന്റെ പരിശോധനയിലാണ്. ധനാനുമതിക്കനുസൃതമായി ഭരണാനുമതി നൽകുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതാണ്.

സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുള്ള ചെലവു ചുരുക്കൽ

141 (2379) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അനാവശ്യ ചെലവുകൾ ചുരുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ബി) വകുപ്പുകൾ ബാങ്കുകളിൽ പണം നിക്ഷേപിക്കുന്നതിന് പകരം ട്രഷറികളിൽ നിക്ഷേപിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ ;

ഉത്തരം

(എ) 19-9-2014-ലെ സ.ഉ. (പി) നമ്പർ 400/2014/ധന പ്രകാരം 2015 മാർച്ച് 31 വരെ പുതിയ തസ്തിക/പുതിയ സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവ സൃഷ്ടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി.

പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും, വിദേശയാത്രകൾക്കും നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 1-12-2014-ലെ സ.ഉ. (പി) നമ്പർ 523/2014/ധന പ്രകാരം സർക്കാർ വകുപ്പുകൾ/പൊതുമേഖല സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഡയറികൾ അച്ചടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മൂപ്പതിനായിരത്തോളം താത്ക്കാലിക തസ്തികകൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15 ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്. വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനുപകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 11-10-2013-ലെ 515/2013/ധന. നമ്പർ ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. 11-10-2013-ലെ സ.ഉ. (പി) നമ്പർ 515/13/ധന. 28-11-2013-ലെ സ.ഉ. (പി) നമ്പർ 580/13/ധന എന്നീ ഉത്തരവുകൾ വഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 27-3-2014-ലെ സർക്കുലർ നമ്പർ 31/2014/ധന പ്രകാരം വിവിധ വകുപ്പുകളുടെ ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സർക്കാർ സ്റ്റേ ഉത്തരവുകൾ

142 (2380) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപാധികളില്ലാതെ സർക്കാർ സ്റ്റേ ഉത്തരവുകൾ നൽകിയത് സംസ്ഥാനത്തിന് സാമ്പത്തിക പ്രതിസന്ധിയുണ്ടാകുന്നതിന് പ്രധാന കാരണമായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇത്തരത്തിൽ സ്റ്റേകൾ നൽകുന്നതിന് സർക്കാർ എന്തെങ്കിലും മാനദണ്ഡങ്ങൾ പാലിക്കാറുണ്ടോ ;

(സി) സർക്കാർ സ്റ്റേ നൽകിയതുമൂലം എത്ര തുക സമാഹരിക്കാൻ സാധിക്കാതായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) 2014-15-ലെ ബഡ്ജറ്റ് രേഖകൾ പ്രകാരം സംസ്ഥാനത്ത് പിരിച്ചെടുക്കാൻ ബാക്കി നില്പുള്ള മൊത്തം തുക എത്രയായിരുന്നു ; ഇതിനകം എന്തെങ്കിലും തുക പിരിച്ചെടുക്കുകയുണ്ടായോ ; വിശദമാക്കാമോ ?